(ബി) ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് കർണ്ണാടക വനം വകുപ്പിനെ കൂടിയൊഴിപ്പിക്കൽ നടപടികളിൽനിന്നും പിൻതിരിപ്പിക്കണമെന്ന് കർണ്ണാടക റവന്യൂ വകുപ്പുമന്ത്രിയോട് കത്തുമുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

90 (670) പരപ്പനങ്ങാടി-ആനപ്പാടി ഗവൺമെന്റ് എൽ.പി.സ്കൂൾ വക സ്ഥലം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ആനപ്പാടി ഗവൺമെന്റ് എൽ.പി. സ്കൂൾവക സ്ഥലം, പകരം സ്ഥലം സ്വീകരിച്ചുകൊണ്ട് റോഡു നിർമ്മാണത്തിന് വിട്ടുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചാണോ നിർദ്ദേശം നൽകിയത്;

(സി) എങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം ഇനിയും ആവശ്യമുണ്ടോ;

(ഡി) ആവശ്യമില്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം വീണ്ടും ജില്ലാ കളക്ടർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) നിരാക്ഷേപ പത്രം ആവശ്യമില്ലെന്നും വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതുകൊണ്ടാണ് നിർദ്ദേശം നൽകിയതെന്നും ജില്ലാ കളക്ടറെ അറിയിച്ച് നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അതെ.

(സി)&(ഡി) നിരാക്ഷേപ പത്രം ആവശ്യമാണെന്ന അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ ഇത് ആവശ്യപ്പെട്ടത്.

(ഇ) ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

91 (671) റീസർവേ പൂർത്തിയാക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ അയ്യൻകുന്ന്, കൊട്ടിയൂർ, വിളവന, ആറളം, പായം, കണിച്ചാൽ, കാപ്പാട് എന്നീ വില്ലേജുകളിൽ റീസർവ്വെ നടത്തി പട്ടയം നൽകുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര ഖണ്ഡങ്ങളിൽ റീസർവെ പൂർത്തിയായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly